## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2455 18.06.2014-ൽ മറുപടിക്ക്

### മൂർക്കനാട് കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ; | എ. മൂർക്കനാട് പദ്ധതിയുടെ കിണർ പമ്പ് ഹൗസ് റോ വാട്ടർ പംമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ്, മെയിൻ വിതരണ ശൃംഖലയ്ക്ക് വേണ്ടിയുള്ള ഭൂതല ഉപരിതല സംഭരണികൾ, സംഭരണികളിലേക്കുള്ള ഗ്രാവിറ്റി പമ്പിംഗ് പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. ശുദ്ധീകരണശാല, ട്രാൻസ് ഫോർമർ, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് എന്നിവയുടെ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.<br>മൂർക്കനാട് ഹൈലെവൽ, പുഴക്കാട്ടിരി, വടക്കാങ്ങര കുറുവ ഭാഗം എന്നീ പഞ്ചായത്തുകളിലെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികളും അവസാന ഘട്ടത്തിലാണ്. കുറുവ പഞ്ചായത്ത് (ഭാഗം -1) മങ്കട, മൂർക്കനാട് ഹൈലവൽ സോൺ (പാർട്ട് 1) എന്നിവയുടെ വിതരണ ശൃംഖലയ്ക്കുള്ള കരാർ ഉറപ്പിച്ചിട്ടുണ്ട്. പ്രവൃത്തികൾ മൺ സൂൺ കഴിയുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.<br>കുറുവ (ഭാഗം 2) വിതരണ ശൃംഖലക്കുള്ള പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. കരാർ ഉറപ്പിക്കേണ്ടതുണ്ട്.<br>കട്ടിലങ്ങാടി പഞ്ചായത്ത്, മൂർക്കനാട് ഹൈലെവൽ സോൺ (ഭാഗം 2) എന്നിവയിലേക്കുള്ള വിതരണ ശൃംഖലയുടെ എസ്റ്റിമേറ്റ് എസ്സ്.എൽ.എസ്സ്.എസ്സ്.സി 2014-ൽ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി. | പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | ബി | കെ.എസ്.ഇ.ബി യുടെ ഭാഗത്തു നിന്ന് വൈദ്യുതി കണക്ഷൻ കിട്ടുന്ന മുറയ്ക്ക് മൂർക്കനാട് സ്കീമിന്റെ ഭാഗികമായ കമ്മീഷനിംഗ് നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പൂർണ്ണമായ കമ്മീഷനിംഗ് 2015 ഡിസംബറിൽ നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ